

# മദ്യപിക്കുന്ന ജ്യേഷ്ഠനും മദ്യപിക്കാത്ത അനുജനും

ആ പ്രദേശത്തെ പേരുകേട്ട മദ്യപാനിയും പ്രശ്നക്കാരനുമായിരുന്നു അയാൾ. മദ്യപിച്ചു വീട്ടിലെത്തി ഭാര്യയെയും മക്കളെയുമൊക്കെ മർദ്ദിക്കുന്നതും പതിവായിരുന്നു. പുതുതായി ഇടവകയിലെത്തിയ വികാരിയച്ചൻ ഒരു ദിവസം ജ്യേഷ്ഠന്റെ വീട്ടിൽച്ചെന്ന് വിവരങ്ങളൊക്കെ അന്വേഷിച്ചു. മദ്യത്തിന് അടിമയാകാനുള്ള കാരണം എന്താണെന്നും അച്ചൻ ചോദിച്ചു. "എന്റെ പിതാവ് തികഞ്ഞ മദ്യപാനിയായിരുന്നു. ചെറുപ്പം മുതൽ അതുകണ്ടു വളർന്നതുമൂലം ഞാനും അറിയാതെ മദ്യത്തിന് അടിമയായി." ഇങ്ങനെയായിരുന്നു അയാളുടെ ന്യായീകരണം. മാന്യനും പൊതുജനസമ്മതനും മദ്യവിരുദ്ധപ്രവർത്തനങ്ങളിലെ സജീവപ്രവർത്തകനുമായ അയാളുടെ അനുജൻ താമസിച്ചിരുന്നതും ആ ഇടവകയിൽത്തന്നെയായിരുന്നു.

മദ്യവിരുദ്ധപ്രവർത്തനങ്ങളിൽ ഇത്ര ആത്മാർത്ഥത കാണിക്കാനുള്ള കാരണമെന്താണെന്ന് വികാരിയച്ചൻ അനുജനോട് ചോദിച്ചു. "പിതാവിന്റെ മദ്യപാനംമൂലം തകർന്ന ഒരു കുടുംബമായിരുന്നു ഞങ്ങളുടേത്. അമ്മയും മക്കളായ ഞങ്ങളും പല രാത്രികളിലും അപ്പനെ ഭയന്ന് പറമ്പിലൊക്കെ ഒളിച്ചിരുന്നിട്ടുണ്ട്. അങ്ങനെയൊരു ദുരവസ്ഥയിലൂടെ കടന്നുപോയതുകൊണ്ട് ഞാനേറ്റവും വെറുക്കുന്ന തിന്മയാണ് മദ്യം. ഇനിയാർക്കും എന്റെ കുടുംബത്തിന്റെ അവസ്ഥ ഉണ്ടാകരുതെന്നുള്ള ആഗ്രഹം ഉള്ളതുകൊണ്ടാണ് മദ്യവിരുദ്ധപ്രവർത്തനങ്ങളിൽ പങ്കുചേരുന്നത്." അയാൾ പറഞ്ഞു.

ജീവിതത്തിൽ വിപരീത അനുഭവങ്ങൾ ഉണ്ടായതുമൂലമാണ് തിന്മക്ക് അടിമപ്പെട്ടതെന്നുള്ള വാദത്തിന് ന്യായീകരണമില്ല. അതിന്റെ വിപരീതവശങ്ങളെപ്പറ്റി തികഞ്ഞ ബോധ്യമുള്ളതിനാൽ അതിനെതിരെ പ്രതികരിക്കുമ്പോഴാണ് ഓരോരുത്തരും അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നവരായി മാറുന്നത്.